06-03-2022

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**


**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/03/2022

1. കാർഷിക മേഖലയിൽ നിന്നുള്ള കാർബൺ പുറംതള്ളൽ ക്രമേണ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഈ വർഷം മുതൽ കാർബൺ തൂലിതാകൃഷി രീതി പ്രചാരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് കൃഷിവകുപ്പ് ആരംഭിച്ചിരിക്കുകയാണ്. ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ ഈ മാസം 11-ന് (11/03/2022 ന്) മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471-2318186** എന്ന ഫോൺ നമ്പറിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

2. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെ വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

3. വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി **വളർത്തു നായകൾക്കും പൂച്ചകൾക്കുമായി സൗജന്യ പേവിഷ പ്രതിരോധ കുത്തിവയപ്പ്** ക്യാമ്പുകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. **മാർച്ച് എട്ടിന്** ചിറ്റാളൂർകുന്ന് പാൽഡിപ്പോ, നടവയൽ മൃഗാശുപത്രി, പാടികുന്ന് അപ്പാരൽ പാർക്ക്, കാവടം വാട്ടർഷെഡ്, നെല്ലിയമ്പം, ചുള്ളിപ്പുര കോളനികൾ, വരദൂർ മൃഗാശുപത്രി, എടക്കൊമ്പം, വരദൂർ തരംഗിണി ക്ലബ്ബ്, വരദൂർ പാൽ സൊസൈറ്റി, താഴെ കരണി, പാടാരിക്കുന്നു അംഗനവാടി, വള്ളിപ്പറ്റ മേലെകരണി എന്നിവിടങ്ങളിലും **മാർച്ച് ഒമ്പതിന്** വെള്ളച്ചിമൂല, അമ്പലക്കുന്ന്, മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കൊഴിഞ്ഞങ്ങാട്, പുളിക്കൽക്കുന്ന്, ചെറുവടി, തേർവാടിക്കുന്ന്, കരണി വെറ്ററിനറി സബ്സെന്റർ, ചോമാടി കുറുമ കോളനി, പുതൂർ വായനശാല, അരിമുള വെറ്ററിനറി സബ്സെന്റർ, മുളപറമ്പത്തുകുന്ന് കനാൽ റോഡ് പരിസരം എന്നീ പ്രദേശങ്ങളിലും ക്യാമ്പുകൾ നടക്കും. പേവിഷ പ്രതിരോധ കുത്തിവയ്പ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കി എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുക്കേണ്ടതാണെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

4. പേട്ടയിലെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഹെഡോഫീസിൽ നിന്നും നാളെ മുതൽ (മാർച്ച് 7) ബി.വി.380 ഇനത്തിൽപ്പെട്ട 53 ദിവസം പ്രായമായ മുട്ടക്കോഴികൾ ലഭ്യമാണ്. ആവശ്യക്കാർ പേട്ടയിലുള്ള ഹേഡാഫീസിൽ നിന്നും വാങ്ങേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2478585, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽനിന്ന് നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽ നിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർ ഐഐ 105, 430, 414, 417, 422 എന്നിവയുടെ കപ്പുതൈകൾ, കൂടത്തൈകൾ, ഒട്ടുതൈക്കുറ്റികൾ, ഒട്ടുകമ്പുകൾ എന്നിവയാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ അപേക്ഷ നൽകണം. അപേക്ഷാഫോറം ബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. കൂടാതെ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 – 2576622** എന്ന ഫോൺ നമ്പരിൽ റബ്ബർബോർഡ് കോൾസെന്ററുമായോ **8848880279** എന്ന ഫോൺ നമ്പരിൽ സെൻട്രൽ നഴ്സറിയുമായോ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, രജിസ്റ്റർ ചെയ്തകർഷകർക്ക് വേണ്ടി നാളെ (മാർച്ച് 07 ന്) വൈകിട്ട് 07 മണി മുതൽ "**മുട്ടനാടുകളിലെ മൂത്രതടസ്സം-കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **0494 – 2962296** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ മാർച്ച് 07 മുതൽ 11 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വച്ചു നടക്കുന്ന പരിശീലനത്തിൽ **നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ്** തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലനകേന്ദ്രത്തിൽ മാർച്ച് മാസം 9-ന് **കാട വളർത്തലിലും** 10,11 തീയതികളിൽ **മുട്ടക്കോഴി വളർത്തലിലും** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി മാർച്ച് ആദ്യ പകുതിയിൽ പശുവളർത്തൽ, ആടുവളർത്തൽ, ബ്രോയിലർ കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനകേന്ദ്രത്തിൽ വച്ച് നേരിട്ടുള്ള പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **0494–2962296** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.